# ഇനിയും നീതി ലഭിക്കാതെ ലാലൂര്‍

തൃശ്ശൂര്‍ : ഉത്തരവാദപ്പെട്ടവര്‍ തങ്ങളുടെ വാഗ്ദാനങ്ങള്‍ ഒന്നൊന്നായി ലംഘിക്കുമ്പോള്‍ ലാലൂരുകാര്‍ക്ക് നീതി കൈവിട്ടുപോകുന്നു. മാലിന്യ പ്ലാന്റ് ഏപ്രില്‍ 9നകം നിര്‍മ്മിച്ച് പ്രവര്‍ത്തനം ആരംഭിക്കണമെന്ന ഹൈക്കോടതി വിധി മാത്രമാണ് ഇപ്പോള്‍ ലാലൂരുകാര്‍ക്ക് നേരിയ തോതിലാണെങ്കിലും ആശക്ക് വക നല്‍കുന്നത്.

ലഭിച്ചിട്ടുള്ള ഉറപ്പുകളുടെ ലംഘനങ്ങളുടെ കഥ പറയുന്ന ലാലൂരുകാര്‍ക്ക് അവസാനം കിട്ടിയ വാഗ്ദാനമായിരുന്നു മാലിന്യസംസ്കരണ പ്ലാന്റിന്റെ നിര്‍മ്മാണം. മാര്‍ച്ച് 1ന് പ്രവര്‍ത്തനം തുടങ്ങുമെന്നായിരുന്നു കോര്‍പ്പറേഷന്‍ മേയര്‍ പ്രഖ്യാപിച്ചിരുന്നത്. ഇതു നടപ്പിലായില്ലെന്നു മാത്രമല്ല, ലാലൂരിലെത്തുന്ന മാലിന്യങ്ങളുടെ അളവുകുറക്കുമെന്ന വ്യവസ്ഥയും കടലാസില്‍ ഒതുങ്ങി. തൃശ്ശൂരില്‍ പ്ലാസ്റ്റിക് നിരോധനം ഏര്‍പ്പെടുത്തിയിട്ടുണ്ടെങ്കിലും അതും നിയമം മാത്രമായി തുടരുന്നു. വാഗ്ദാനങ്ങള്‍ പാലിച്ചുകിട്ടാനായുള്ള മാര്‍ഗങ്ങള്‍ ഗൗരവമായി ആലോചിച്ചുവരികയാണ് ലാലൂര്‍ മലിനീകരണവിരുദ്ധ സമരസമിതി.